## ജസ്റ്റ് എ മിനിറ്റ്, ഇവിടെ ഞങ്ങളും ആക്ടീവാണ്

## കോവിഡ് കാലത്ത് ക്രിയാത്മകത തേച്ചു മിനുക്കി ആലപ്പുഴ ജില്ലയിൽ ഡി.ഡി.യു.ജി.കെ.വൈ വിദ്യാർത്ഥികളും

കോവിഡ്19 സാമൂഹ്യ അകലം പാലിക്കലും പൊതുഗതാഗത നിയന്ത്രണവുമൊക്കെയായി വീടുകളിൽ തന്നെ കഴിയുമ്പോൾ ഉള്ളിൽ ഉറങ്ങിക്കിടക്കുന്ന കലാവാസനകളെ കാര്യമായൊന്നു പരിപോഷിപ്പിക്കുന്നതിന്റെ തിരക്കിലാണ് ആലപ്പുഴ ജില്ലയിൽ ഡി.ഡി.യു.ജി.കെ.വൈ പദ്ധതിയുടെ ഭാഗമായി വിവിധ സെന്ററുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ. കുടുംബശ്രീ ജില്ലാമിഷൻ അധികൃതർ, ജില്ലാ പ്രോഗ്രാം മാനേജർ, ബ്ളോക്ക് കോഓർഡിനേറ്റർമാർ, പ്രോഗ്രാം ഇംപ്ളിമെന്റ് ഏജൻസിയിലെ പരിശീലകർ, വിദ്യാർത്ഥികൾ എന്നിവർ ഉൾപ്പെട്ട വാട്ട്സാപ് കൂട്ടായ്മ വഴി വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു കൊണ്ടാണ് ലോക്ക് ഡൗൺ കാലത്ത്  ഇവർ തങ്ങളുടെ സർഗാത്മകത വളർത്തുന്നത്.

ടാലി, ഇലക്ട്രീഷ്യൻ  കോഴ്സുകളിൽ ചേർന്നു  പഠിക്കുന്ന വിദ്യാർത്ഥികളാണ് കുടുംബശ്രീ സംഘടിപ്പിച്ച മത്സരത്തിൽ ആവേശപൂർവം പങ്കെടുക്കുന്നത്. വിദ്യാർത്ഥികൾക്കായി മൊബൈൽ ഫോട്ടോഗ്രാഫി, പാട്ട്, ഇംഗ്ളീഷ് പ്രസംഗം, ഹ്രസ്വ വീഡിയോ തയ്യാറാക്കൽ എന്നിവയിലാണ്  മത്സരങ്ങൾ സംഘടിപ്പിക്കുന്നത്. കോവിഡ് 19 നുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് എല്ലാ മത്സരത്തിനും നൽകിയിരുന്ന വിഷയം. പെൺകുട്ടികൾ അടക്കമുള്ള വിദ്യാർത്ഥികളിൽ ഭൂരിഭാഗവും  മത്സരങ്ങളിൽ ആവേശത്തോടെ പങ്കെടുക്കുന്നുണ്ട്. മൊബൈൽ ഫോട്ടോഗ്രാഫിയിലാണ് കൂടുതൽ പേരും പങ്കെടുത്തിരിക്കുന്നത്. പാട്ടു മത്സരത്തിലും  മാറ്റുര□ാൻ മിക്ക കുട്ടികളും മുന്നോട്ടു വന്നിട്ടുണ്ട്. ഇംഗ്ളീഷ് പ്രസംഗ മത്സരവും കസറുകയാണ്. മത്സരത്തിൽ

പങ്കെടുക്കുന്ന കുട്ടികൾ കുടുംബശ്രീ നൽകുന്ന ഏതെങ്കിലും വിഷയം സംബന്ധിച്ച് ഒരു മിനിറ്റ് സംസാരിക്കണം. പറയുന്ന കാര്യങ്ങളിൽ വസ്തുതാപരമായ തെറ്റുണ്ടാകാൻ പാടില്ല എന്നതാണ് പ്രധാന നിബന്ധന. ജില്ലയിലെ ബ്ളോക്ക് കോർഡിനേറ്റർമാർക്കാണ് മത്സരങ്ങളുടെ നിരീക്ഷണ ചുമതല.

കോവിഡ് 19 നോടനുബന്ധിച്ച് ലോക്ക് ഡൗൺ പ്രഖ്യാപിച്ചതോടെ കുടുംബശ്രീ ജില്ലാമിഷന്റെ നേതൃത്വത്തിൽ ബാലസഭാ കുട്ടികൾ, അയൽക്കൂട്ട വനിതകൾ, വയോജനങ്ങൾ എന്നിവർക്കു വേണ്ടി വിവിധ വാട്ട്സാപ് കൂട്ടായ്മകൾ രൂപീകരിച്ചു കൊണ്ട് വിവിധ കലാമത്സരങ്ങൾ സംഘടിപ്പിച്ചിരുന്നു. ലോക്ക് ഡൗൺ കാലത്ത് ദിവസങ്ങളോളം വീട്ടിലിരിക്കുന്നതിന്റെ വിരസതയകറ്റാനും മാനസിക സംഘർഷങ്ങൾ ഒഴിവാക്കുന്നതിനും ഇവരിൽ അന്തർലീനമായിരിക്കുന്ന വിവിധ കഴിവുകളെ വളർത്തിയെടുക്കാനുമാണ് ഈ കാലയളവിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ വ്യത്യസ്ത കലാമത്സരങ്ങൾ സംഘടിപ്പിച്ചത്. സമാനമായ രീതിയിലാണ് ഡി.ഡി.യു.ജി.കെ.വൈ വിദ്യാർത്ഥികൾക്കു വേണ്ടിയുള്ള മത്സരങ്ങളും സംഘടിപ്പിച്ചിരിക്കുന്നത്. മത്സര വിജയികളെ കുടുംബശ്രീ ജില്ലാമിഷന്റെ നേതൃത്വത്തിൽ പിന്നീട് അനുമോദിക്കും.